ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) എക്സൈസ് ഗാർഡ് തസ്തികകളുടെ 97 ശതമാനത്തിന്റെ 10 ശതമാനം വനിതകൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

(സി) ജില്ലാ തലങ്ങളിൽ, ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) നോട്ടിഫിക്കേഷൻ വൈകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ആലപ്പുഴ ജില്ലയിൽ എക്സൈസ് ഗാർഡുമാരുടെ ഒഴിവുകൾ

118 (4174) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ എക്സൈസ് ഗാർഡുമാരുടെ 2011 മാർച്ച് വരെയുള്ള ഒഴിവുകൾ 2010 ജൂലൈ 31-നകം റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇപ്രകാരം ഒഴിവുകൾ റിപ്പോർട്ടു ചെയ്യുന്നതിനുള്ള എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ആലപ്പുഴ ജില്ലയിൽ എക്സൈസ് ഗാർഡുമാരുടെ 2011 മാർച്ച് വരെ എത്ര ഒഴിവുകൾ വരുമെന്ന് വ്യക്തമാക്കുമോ ; ഇതിൽ എക്സൈസ് ഇൻസ്പെക്ടറായി പ്രൊമോഷൻ ലഭിച്ചതുമൂലം ഉണ്ടായ ഒഴിവുകൾ എത്ര യെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) എക്സൈസ് വകുപ്പിലെ, 31-3-2011 വരെ ഉണ്ടാകുവാൻ സാധ്യതയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും 31-7-2010-ന് മുമ്പ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ എക്സൈസ് ഗാർഡുമാരുടെ 31-3-2011 വരെയുള്ള പ്രതീക്ഷിത ഒഴിവുകൾ നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യാൻ ജില്ലാ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ആലപ്പുഴ ജില്ലയിൽ, 2011 മാർച്ച് വരെ എക്സൈസ് ഗാർഡുമാരുടെ 10 പ്രതീക്ഷിത ഒഴിവുകൾ വരും. ഇതിൽ എക്സൈസ് ഇൻസ്പെക്ടറായി പ്രൊമോഷൻ ലഭിച്ചതുമൂലമുണ്ടായ ഒഴിവുകൾ ഒന്നുമില്ല.

പട്ടികസമുദായക്കാരുടെ ആനുകൂല്യങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി

119 (4175) ശ്രീ. കെ. കെ. ഷാജു :

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടിക സമുദായത്തിൽപ്പെട്ടവർക്ക് സർക്കാർ നൽകുന്ന ഭവന നിർമ്മാണ സഹായം, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, സ്വയംതൊഴിൽ വായ്പകൾ തുടങ്ങിയവ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

18-9-2009-ലെ സ.ഉ. (കൈ) 77/09/പജ.പവ.വി.വ. പ്രകാരം പട്ടികജാതി വികസന വകുപ്പ് മുഖേന നൽകി വരുന്ന ഭവന നിർമ്മാണ ധനസഹായം 75,000 രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നൽകിവരുന്ന ഭവന നിർമ്മാണ ധനസഹായം 1,00,000 രൂപയിൽ നിന്നും 1,25,000 രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിവരുന്ന ഭവനനിർമ്മാണ പദ്ധതി വഴിയുള്ള ധനസഹായം ഗുണഭോക്താക്കൾക്ക് എളുപ്പത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പദ്ധതി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ ബ്ലോക്ക്/മുൻസിപ്പൽ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷകൾ സ്വീകരിച്ച് ആയവ അപേക്ഷകരുടെ വിശദ വിവരങ്ങളടങ്ങുന്ന പട്ടിക സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലേയ്ക്കയയ്ക്കുകയും ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് പട്ടികജാതി വികസന ഓഫീസർ നടത്തിയശേഷം പട്ടികജാതി വികസന ഓഫീസർമാർ അർഹത പരിശോധിച്ച് ധനസഹായം അനുവദിക്കുകയും ചെയ്യുന്ന നിലവിലുള്ള രീതി പരിഷ്കരിച്ച് അർഹതയുള്ള അപേക്ഷകളും അനുബന്ധ രേഖകളും ഓൺ-ലൈനായി ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് ലഭ്യമാക്കി പദ്ധതിക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പദ്ധതിയാണ് വിഭാവന ചെയ്തിരിക്കുന്നത്.

പട്ടിക സമുദായത്തിൽപ്പെട്ടവരുടേയും മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടേയും ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ്മണി എന്നിവ 2001-ന് ശേഷം 1-4-2008 മുതൽ പ്രാബല്യം നൽകി 50%-ൽ അധികം വർദ്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികജാതി സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യം വകുപ്പ് മുഖാന്തിരം നൽകിവരുന്നു. പരമ്പരാഗത ശൈലിയിൽ നൽകി വന്നിരുന്ന പ്രസ്തുത ആനുകൂല്യ വിതരണ പദ്ധതി തികച്ചും വെബ്ബ് അധിഷ്ഠിതമാക്കി 'ഇ ഗ്രാന്റ്സ്' എന്ന നാമധേയത്തിൽ 2008-09 അധ്യയന വർഷത്തിൽ ആലപ്പുഴ ജില്ല പരീക്ഷണാടിസ്ഥാനത്തിലും തുടർന്ന് 2009-10 അധ്യയന വർഷം മുതൽ സംസ്ഥാന തലത്തിലും വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ പ്രതിമാസ മെസ്സ് അലവൻസ് 500 രൂപയിൽ നിന്ന് 1,300 രൂപയായും പോസ്റ്റ് മെട്രിക് ഹോസ്റ്റൽ അന്തേവാസികളുടെ മെസ്സ് അലവൻസ് 700 രൂപയിൽ നിന്ന് 1,500 രൂപയായും വർദ്ധിപ്പിച്ചു. ഐ.റ്റി,സി. വിദ്യാർത്ഥികളുടെ യൂണിഫോം അലവൻസ് 400 രൂപയിൽ നിന്നും 900 രൂപയായി വർദ്ധിപ്പിച്ചു. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലേയും അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റെസിഡൻഷ്യൽ സ്പോർട്ട്സ് സ്കൂളിലേയും വിദ്യാർത്ഥികൾക്കും അവരുടെ രക്ഷകർത്താക്കൾക്കും ഓണം, ക്രിസ്തുമസ്സ്, മദ്ധ്യവേനൽ അവധിക്കാലങ്ങളിൽ വീട്ടിൽ പോയി വരുന്നതിന് യാത്രാബത്തയായി രണ്ടാംക്ലാസ് ട്രെയിൻ ചാർജ്ജോ യഥാർത്ഥ ബസ് ചാർജ്ജോ നൽകുന്നതാണ്. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പ്രതിമാസ വാഷിംഗ് ചാർജ് ഒന്നു മുതൽ 10 വരെ ക്ലാസ്സുകളിൽ 90 രൂപയാക്കിയും +2

LIBRARY ARCHIVES Kerala Legislative Assembly

തലത്തിൽ 100 രൂപയായും വർദ്ധിപ്പിച്ചു. ട്രെയിനിംഗ് കം എംപ്ലോയ്മെന്റ്/ അഡീഷണൽ ' അപ്രന്റിസ്ഷിപ്പ് സ്കീം തുടങ്ങിയ പദ്ധതികൾ പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഐ.ടി.ഐ/ ഐ.റ്റി.സി. ട്രേഡ് പരീക്ഷ പാസ്സായ പട്ടികജാതിയിൽപ്പെട്ട പരിശീലകർക്ക് നൽകിവരുന്ന പ്രതിമാസ സ്റ്റൈപ്പന്റ് 1,000 രൂപയിൽ നിന്നും 2,000 രൂപയായും ഡിപ്ലോമാക്കാർക്ക് നൽകി വന്നിരുന്നത് 1,600 രൂപയിൽ നിന്നും 2500 രൂപയായും എഞ്ചിനീയറിംഗ് ഡിഗ്രിക്കാർക്ക് നൽകി വന്നിരുന്നത് 1800 രൂപയിൽ നിന്നും 3,000 രൂപയായും അഡീഷണൽ അപ്രന്റീസ്ഷിപ്പുകാർക്ക് നൽകി വന്നിരുന്ന പ്രതിമാസ സ്റ്റൈപ്പന്റ് 1,400 രൂപയിൽ നിന്നും 2,000 രൂപയായും വർദ്ധിപ്പിച്ചു. പട്ടികജാതിക്കാർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ടി സബ്സിഡിയും ലോണും 1:2 എന്ന അനുപാതത്തിൽ താഴെക്കൊടുത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നു. അപേക്ഷകർ ഏഴാംക്ലാസ്സ് വിദ്യാഭ്യാസം പൂർത്തിയാക്കിയവരും 18-നും 50-നും ഇടയിൽ പ്രായമുള്ളവരുമായിരിക്കണം. ഇപ്രകാരം അർഹരായ വ്യക്തികൾക്ക് 3 ലക്ഷം രൂപവരെ മുടക്കുള്ള വ്യവസായം ആരംഭിക്കാൻ ഒരു ലക്ഷം രൂപ സർക്കാർ സബ്സിഡിയായും 7 പേരുള്ള ഗ്രൂപ്പിന് 10.5 ലക്ഷം രൂപ വരെ മുതൽമുടക്കുള്ള വ്യവസായം ആരംഭിക്കാൻ 3.5 ലക്ഷം രൂപ സബ്സിഡിയായി നൽകുന്നു. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ഗ്രൂപ്പിനാണ് സഹായം നൽകുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന സ്വയം തൊഴിൽ വായ്പ പദ്ധതി നടപ്പിലാക്കിവരുന്നില്ല. പട്ടിക സമുദായക്കാരുടെ ആനുകൂല്യങ്ങൾ കാലാനുസൃതമായി പരിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

പട്ടകജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ ഭൂരഹിത/ഭവനരഹിതരുടെ എണ്ണം

120 (4176) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എൻ. ശക്തൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ ഭൂരഹിതരായ എത്ര പേർ ഉണ്ടെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) ഇവരുടെ ഇത്തരത്തിലുള്ള കണക്കുകൾ ലഭ്യമാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly